മൂന്ന് മുതൽ നാല് മാസം വരെ നീണ്ടുനിന്നുവെന്നുള്ളത് വസ്തുതയാണ്. ഗവൺമെന്റ് പരമാവധി തുക ലഭ്യമാക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ചില പരിമിതികൾ അതിന്റെ ഭാഗമായിട്ടുണ്ടെന്നത് നിഷേധിക്കുന്നില്ല. ഇതിന്റെ സാങ്കേതികവശങ്ങൾ പാവപ്പെട്ട കർഷകരോട് പറയേണ്ട കാര്യവുമില്ല. അത് ന്യായീകരിക്കാനും എനിക്ക് സാധിക്കില്ല. അതുകൊണ്ടുതന്നെ കൂടുതൽ ലോൺ ഇക്കാര്യത്തിൽ എടുക്കുന്നുള്ള സാഹചര്യങ്ങൾ എത്രമാത്രമാണെന്ന് പരിശോധിക്കാനായി വീണ്ടും സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 19 രൂപയായി ഉയർത്തിയാണ് സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. കേന്ദ്രം നൽകുന്നതിനേക്കാൾ ഉയർന്ന സബ്സിഡി സംസ്ഥാനങ്ങൾ കൊടുക്കരുതെന്ന അഭിപ്രായം മുമ്പോട്ടുവച്ചിട്ടുണ്ടായിരുന്നു. ആ അഭിപ്രായത്തിന്മേൽ ഉടൻതന്നെ അതിനുള്ള തടസ്സം സംസ്ഥാനം ഉന്നയിച്ചിരുന്നു. ഞങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് കർഷകർക്ക് കൊടുക്കുന്നത് 19 രൂപയാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന സംഭരണ വിലകളിലൊന്നാണ് കേരളത്തിൽ കൊടുക്കുന്നത്. അതേ രീതിയിൽ മുന്നോട്ടുപോകാനാണ് സംസ്ഥാനം ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാരിന്റെ അത്തരത്തിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി നയത്തിൽ മാറ്റംവരുത്താൻ സംസ്ഥാനം ആഗ്രഹിക്കുന്നില്ലായെന്നുകൂടി വ്യക്തമാക്കുകയാണ്. ഇതിനകത്ത് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറച്ചുകൊണ്ട് എത്രയും പെട്ടെന്ന് തുക കൊടുക്കാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കുന്നുണ്ട്.

(8) നിരാഹാര സമരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ ലാ കോളേജിലെ വിദ്യാർത്ഥികൾ ഹോസ്റ്റൽ സൗകര്യം, കാന്റീൻ സൗകര്യം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി കുറച്ചു ദിവസമായി നിരാഹാര സമരം നടത്തുകയാണ്. അവരുടെ ആരോഗ്യസ്ഥിതി വളരെ മോശമായതുകൊണ്ട് ജില്ലാ കളക്ടറുടെ പ്രതിനിധിയായി എത്തിയ എ.ഡി.എം. (Additional District Magistrate) -ന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തൽക്കാലം സമരം നിർത്തിവച്ചു. അടിസ്ഥാനപരമായ അവരുടെ പ്രശ്നങ്ങൾ ഇന്നും വളരെ റെലവന്റാണ്. ഈ കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, തൃശ്ശൂർ ലാ കോളേജിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ച് കെ.എസ്.യു. എന്ന വിദ്യാർത്ഥിസംഘടന അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ചു. തൃശ്ശൂർ എ.ഡി.എം. (Additional District Magistrate)-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് 1-12-2014-ൽ നിരാഹാര സമരം പിൻവലിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഉന്നയിച്ച ഹോസ്റ്റൽ സൗകര്യം, ക്യാന്റീൻ സൗകര്യം തുടങ്ങിയ കാര്യങ്ങളിൽ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതനുസരിച്ച് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

(9) പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

ശ്രീ. എം. പി. വിൻസെന്റ്: സർ, ഏറ്റവും പ്രാധാന്യമുള്ള ഒരു വിഷയമാണിത്. ഒരു പൗരന് അവകാശപ്പെട്ട ഭൂമി അത് അവന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും ക്രയവിക്രയം ചെയ്യാനുള്ള അവകാശവും അധികാരവുമുള്ളതുമാണ്. പട്ടയമുള്ള ഭൂമിയിൽപ്പോലും മരങ്ങൾ മുറിക്കാനോ വീട് വയ്ക്കാനോ കഴിയാത്ത ഒരവസ്ഥ മലയോര മേഖലയിൽ വന്നുകൊണ്ടിരിക്കുന്നു. നാൽപ്പത് വർഷമായി കൈവശമിരിക്കുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് ഗവൺമെന്റ് പറയുന്നു. പക്ഷെ പലപ്പോഴും മരം മുറിക്കാൻ തയ്യാറാകുമ്പോൾ അതിന് അനുവദിക്കുന്നില്ല. തേക്കോ ഈട്ടിയോ ചന്ദനമോ പോലുള്ള മരങ്ങളൊന്നുമല്ല, സാധാരണ പാഴ്മരങ്ങളാണ്. പ്ലാവോ മറ്റേതെങ്കിലും മരങ്ങളോ മുറിക്കാൻ വരുമ്പോൾ അതുമായി ബന്ധപ്പെട്ട് ഇല്ലാത്ത നിയമങ്ങളുടെ പേരുപറഞ്ഞ് വനം വകപ്പും മറ്റുള്ള വകുപ്പുകളും കേസ് എടുക്കുന്ന അവസ്ഥ നിലനിൽക്കുകയാണ്. 1971-നുമുമ്പ് കൈവശാവകാശമുള്ള ഭൂമിയിൽ മരം മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. അതിന് വേണ്ടത്ര നിബന്ധനകളോ, തീരുമാനങ്ങളോ, ഓർഡറുകളോ ഒന്നുംതന്നെയുള്ളതായി അറിവില്ല. എന്നാൽ ഈ വിഷയത്തിൽ സർക്കാർ അടിയന്തരമായി ഉത്തരവ് ഇറക്കേണ്ടതുണ്ട്. മലയോര മേഖലയിൽ 50 വർഷമായി ജീവിക്കുന്ന പാവപ്പെട്ടവർ അപേക്ഷിച്ചിട്ട് അവർക്ക് പട്ടയം കൊടുക്കാൻപോലും പലപ്പോഴും കഴിയുന്നില്ല. വളരെ കുറച്ചുപേർക്ക് മാത്രമാണ് പട്ടയം ഉള്ളത്. അങ്ങനെ പട്ടയമുള്ളവർക്ക് അവരവരുടെ ഭൂമി ക്രയവിക്രയം നടത്തുന്നതിനോ മരങ്ങൾ മുറിച്ചുമാറ്റുന്നതിനോ അനുവാദം കൊടുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന ഏത് ഉദ്യോഗസ്ഥനായാലും അവരുടെ പേരിൽ നടപടിയെടുക്കണം. അതിനൊരു അനുവാദം ഉത്തരവിലൂടെ വരണം. ജനപ്രതിനിധികളായ നാമെല്ലാവരും ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതുകൊണ്ട് ദയവു ചെയ്ത് സർക്കാർ ഈ വിഷയം ഗൗരവമായി പരിഗണിച്ച് പട്ടയമുള്ള ഭൂമിയിൽ ചന്ദനമോ ഈട്ടിയോ തേക്കോ അല്ലാത്ത പാഴ്മരങ്ങളായ മറ്റ് മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിപ്പിക്കണമെന്നും ഇന്ന് ബഹുമാനപ്പെട്ട മന്ത്രി അതിനനുകൂലമായ ഒരു മറുപടി പറയണമെന്നും അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly